പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ. 2788

19.06.2014 ൽ

മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിനായി ലഭിച്ച അപേക്ഷകൾ

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ : | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2010 ന് ശേഷം കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചെന്നും, അപേക്ഷകന്റെ പേരും മേൽവിലാസവും വിശ്ലേഷം, നികത്തുന്നതിന് അപേക്ഷിച്ച സ്ഥലത്തിന്റെ വിസ്തൃതിയും വിശദമാക്കുമോ ; | (എ) 2010 ന് ശേഷം കോഴിക്കോട് ജില്ലയിൽ നെൽവയൽ നികത്തുന്നതിനായി 79 അപേക്ഷകൾ ലഭിച്ചു. അപേക്ഷകരുടെ പേരും, വിലാസവും അടങ്ങിയ വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഇവരെല്ലാം കൂടി നികത്തുന്നതിന് അപേക്ഷിച്ച സ്ഥലത്തിന്റെ വിസ്തൃതി 2 ഹെക്ടർ 39 ആർ 87 ച.മീ. ആണ്. |
| (ബി) | ഇതിൽ ആർക്കെല്ലാമാണ് നെൽവയൽ നികത്തുന്നതിന് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ; | (ബി) നെൽവയൽ നികത്തുന്നതിന് അനുമതി നൽകിയവരുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | അനുമതി നൽകിയത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിധേയമായിട്ടാണോ എന്ന് വ്യക്തമാക്കുമോ; | (സി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 9(6) അനുസരിച്ച് ജില്ലാ തല അധികൃത സമിതിയുടെ തീരുമാനം മൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും ടി തീരുമാനം കൈപ്പറ്റി 30 ദിവസത്തിനകം ജില്ലാ കളക്ടർക്ക് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്. ഈ രീതിയിൽ സെക്ഷൻ 9(7) പ്രകാരം അപ്പീൽ ലഭിച്ചതിനു ശേഷമുള്ള നടപടി ക്രമങ്ങളിലൂടെയാണ് ജില്ലാ കളക്ടർ അനുമതി നൽകുന്നത്. |
| (ഡി) | അനുമതി നൽകിയവരിൽ ഏതെങ്കിലും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിധേയമായിട്ടല്ല എന്നു കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; | (ഡി) ഇല്ല. |

| | | |
|---|---|---|
| (ഇ) | ഉണ്ടെങ്കിൽ ഈ പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ഇ) ബാധകമല്ല. |
| (എഫ്) | അനുമതി നൽകുന്നതിന് മുമ്പ് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ? | (എഫ്) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്